02/12/21

24/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 727(6)/2021 എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.6398/എസ്.ഐ.സി-ജി 5/2021)

സന്നിഹിതൻ

അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. അജുഖാൻ. എം.
അജുമൻസിൽ,
കുണ്ടയം പി.ഒ,
പത്തനാപുരം – 689 695
} അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി തഹസീൽദാർ (പ്ലാന്റേഷൻ),
   താലൂക്ക് ഓഫീസ്, പത്തനാപുരം
   കൊല്ലം – 689 695.
2. അപ്പീൽ അധികാരി &
   തഹസീൽദാർ,
   താലൂക്ക് ഓഫീസ്, പത്തനാപുരം
   കൊല്ലം – 689 695.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 16/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 21/04/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 26/04/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/05/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 03/06/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 23/06/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 22/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 16/08/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 12/11/2021<br>PWD റസ്റ്റ് ഹൗസ്, പുനലൂർ |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി (പ്രതിനിധി) |

RIGHT TO INFORMATION

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. അജുഖാൻ. എം., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടി അപൂർണ്ണവും അവ്യക്ത വുമായതിനാൽ രണ്ടാം എതിർകക്ഷിക്ക് അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന് ടി എതിർകക്ഷിയുടെ മറുപടിയും തൃപ്തികരമായിരുന്നില്ലെന്നും ആയതിനാൽ പൂർണ്ണ വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 15.04.2021 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

(A) ബഹു. മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിൽ അപേക്ഷിച്ച പരാതി ബഹു.കളക്ടർ മുഖേന തഹസീൽദാർക്ക് കൈമാറിയ G-210101065, G-210203322 എന്നീ ഡോക്കറ്റ് നമ്പരിൽ ഉള്ള പരാതിയുടെ അന്വേഷണ ത്തിന്റെ സമ്പൂർണ്ണവും സമഗ്രവുമായ പൂർണ്ണവിവരങ്ങളുടെ പകർപ്പുകളും

(B) വസ്തുവിന്റെ അതിരിൽ നിന്നോ അല്ലെങ്കിൽ ആഴത്തിൽ മണ്ണ് നീക്കം ചെയ്യുമ്പോൾ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നുമാണ്.

3. ഹർജിക്കാരന്റെ 15.04.2021 തീയതിയിലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 21.04.2021 ൽ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 26.04.2021 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീലിന് 18.05.2021 ൽ മറുപടി നൽകിയിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 10.08.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 15.04.2021 ലെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ 21.04.2021 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ ഒന്നാം അപ്പീൽ സമർപ്പിച്ച

തെന്നും ടി അപ്പീലിൽ ടിയാൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന തിലും അധികം വിവരങ്ങൾ ആവശ്യപ്പെട്ടിരുന്നെന്നും വിവരാവകാശ നിയമ പ്രകാരം അധികമായി ആവശ്യപ്പെട്ട വിവരങ്ങൾക്ക് മറുപടി നൽകേണ്ടതില്ലെ ങ്കിലും ടിയാൻ ആവശ്യപ്പെട്ട എല്ലാ രേഖകളും സൗജന്യമായി നൽകി 18.05.2021 ൽ അപ്പീൽ അപേക്ഷ തീർപ്പാക്കിയെന്നുമാണ്. ടിയാന്റെ ഒന്നാം അപ്പീലപേക്ഷ തീർപ്പാക്കിയതിന്റെ പകർപ്പും ടിയാൻ രേഖകൾ കൈപ്പറ്റിയിട്ടുള്ളതായി എഴുതി കൊടുത്ത കൈപ്പറ്റ് രസീതിന്റെ പകർപ്പും റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിക്കുന്ന തായി രേഖപ്പെടുത്തിയിരിക്കുന്നു. ഹർജിക്കാരന്റെ വിവരാവകാശ അപേ ക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും ലഭ്യമായ എല്ലാ വിവരങ്ങളും സമയബന്ധിത മായി കക്ഷിക്ക് നൽകിയിട്ടുള്ളതാണെന്നും ടിയാൻ ടി ഓഫീസിലെ എസ്3 സെക്ഷനിൽ മാത്രം 28 അപേക്ഷകളും പി1 സെക്ഷനിൽ 5 അപേക്ഷയും നൽകി യിട്ടുള്ളതാണെന്നും ബഹു.കമ്മീഷൻ മുമ്പാകെ 10 ൽ അധികം രണ്ടാം അപ്പീൽ അപേക്ഷയും നൽകിയിട്ടുള്ളതായും റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ ഹർജിക്കാ രന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി ലഭ്യമാക്കിയതായി കാണുന്നു. ആയത് തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 12.11.2021 ൽ കമ്മീ ഷൻ പുനലൂർ PWD റസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷി കളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലപേക്ഷയ്ക്കും സമയബന്ധിതമായി മറുപടി നൽകിയിട്ടു ള്ളതായാണ് ഹിയറിംഗിൽ പങ്കെടുത്ത എതിർകക്ഷിയുടെ മൊഴിയിലും രണ്ടാം എതിർകക്ഷിയുടെ റിപ്പോർട്ടിലും പറയുന്നത്. കൂടാതെ ഹർജിക്കാരൻ നിരവധി വിവരാവകാശ അപേക്ഷകൾ നൽകിയിട്ടുള്ളതായും ഒന്നാം എതിർകക്ഷിയുടെ മൊഴിയിൽ പറയുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട ജിയോളജി ഡിപ്പാർട്ടു മെന്റിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നാണ് ഹർജിക്കാരൻ മൊഴി നൽകിയിട്ടുള്ള ത്. ആയത് ഹർജിക്കാരന് നൽകാമെന്ന് ഹിയറിംഗ് വേളയിൽ ഒന്നാം എതിർകക്ഷി സമ്മതിച്ചിട്ടുള്ളതാണ്. ആയതിനാൽ ഈ ഉത്തരവ് ലഭിച്ച് 5 ദിവസ ങ്ങൾക്കുള്ളിൽ ഹർജിക്കാരന് ജിയാളജിയുടെ റിപ്പോർട്ട് നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീഷൻ ഇന്നേ ദിവസം 2021 നവംബർ മാസം 24-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm

RIGHT TO INFORMATION